**'ജലം ജീവാമൃതം'**

## ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ(ജനറൽ)ന്റെ നടപടിക്രമം

വിഷയം:-കേ.വാ.അ-ജീവനകാര്യം-ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്.2 തസ്തികയിൽ നിന്നും ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്.1 തസ്തികയിലേക്കുള്ള താൽകാലിക സ്ഥാനക്കയറ്റം ഉത്തരവാകുന്നു.

## കേരള വാട്ടർ അതോറിറ്റി

നമ്പർ: കെ ഡബ്ല്യൂ എ/JB/E4/755/1996 Vol.III തീയതി, തിരുവനന്തപുരം, 26.12.2020

സൂചന:- 1.ജി ഒ (പി) നം.403 തീയതി,14.10.1996
2.ജി.ഒ (പി) നം.26/2016/ഡബ്ല്യൂ ആർ ഡി തീയതി,27.09.2016
3.ജി.ഒ (പി) നം.222/1981/എൽ എ&എസ് ഡബ്ല്യൂ ഡി തീയതി,08.12.1981
4.WP(C) No.17123/2012(M) ലെ IA No.5539/2015 ൽ 10.04.2015 തീയതിയിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി.
5.നമ്പർ.12912/ഇ4(ബി)/2018/കെഡബ്ല്യൂഎ ആയുള്ള 13.12.2018 തീയതിയിലെ സർക്കുലർ പ്രകാരമുള്ള ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്.2 ന്റെ സീനിയോരിറ്റി ലിസ്റ്റ്.
6. No.KWA/JB/MD/101/2020 of the MD, KWA. Dated,23.7.2020

**ഉത്തരവ്**

കേരള വാട്ടർ അതോറിട്ടിയിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 തസ്തികയിലെ പ്രൊമോഷൻ വഴി നികത്തേണ്ടതും നേരിട്ടുള്ള നിയമനത്തിൽ നികത്തേണ്ടതുമായ ഒഴിവുകളുടെ അനുപാതം കെ.പി.എച്ച്.ഇ.എസ്.എസ്. സ്പെഷ്യൽ റൂൾ അനുസരിച്ച് 7:3 എന്നാണ്. പ്രസ്തുത അനുപാതം അനുസരിക്കുന്നതിലേക്കായി നിലവിൽ 04 ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തേണ്ടതായിട്ടുണ്ട്. അതിനാൽ സൂചന 5 പ്രകാരമുള്ള സീനിയോരിട്ടി ലിസ്റ്റിലെ ഏറ്റവും സീനിയർമാരായ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്.2 ആയുള്ളവരെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്.1 തസ്തികയിലേക്ക് രൂപ.27100-63000/- ശമ്പള സ്കെയിലിൽ പ്രൊവിഷണലായി സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെയുള്ള ആഫീസുകളിൽ നിയമിച്ച് ഉത്തരവാകുന്നു.

Transfer

| ക്രമ നമ്പർ | പേരും ആഫീസ് വിലാസവും | മാറ്റം നൽകുന്ന ആഫീസ് വിലാസം |
|---|---|---|
| 1 | സിമി.സി<br>പി എച്ച് ഡിവിഷൻ, തിരുവല്ല | വാട്ടർ വർക്സ് (ഈസ്റ്റ്) സബ് ഡിവിഷൻ,<br>പി.റ്റി.പി..നഗർ<br>തിരുവനന്തപുരം ഓഫീസിലെ നിലവിലുള്ള ഒഴിവ്. |
| 2 | അബ്ദുൽ ഫത്താഹ്.എം<br>പി എച്ച് സബ് ഡിവിഷൻ,<br>പരപ്പനങ്ങാടി | പി.എച്ച്.സബ് ഡിവിഷൻ,<br>പെരിന്തൽമണ്ണ ഓഫീസിലെ<br>നിലവിലുള്ള ഒഴിവ്. |
| 3 | രജിന.ആർ.എസ്.<br>ചീഫ് എഞ്ചിനീയർ,<br>(സിവറേജ്)ന്റെ കാര്യാലയം,<br>തിരുവനന്തപുരം. | വാട്ടർ വർക്സ് (വെസ്റ്റ്) സബ്<br>ഡിവിഷൻ,പൊങ്ങുംമൂട് ഓഫീസിലെ<br>നിലവിലുള്ള ഒഴിവ്. |
| 4 | നന്ദകുമാർ വി<br>ഡിസ്ട്രി.സബ് ഡിവിഷൻ<br>നമ്പർ.1,കോഴിക്കോട് | ഡബ്ല്യൂ എസ് പി സബ്<br>ഡിവിഷൻ,വടകരയുടെ കീഴിൽ പി എച്ച്<br>സെക്ഷൻ,പുറമേരി (ജെ ജെ എം<br>ജോലികളുടെ<br>ചുമതലകൾക്കായി ) |

Draft #4 of File KWA/JB/E4/755/1996 Vol.III Approved by Deputy Chief Engineer(GL) on 26-Dec-2020 08:12 PM - Page 1

Promotion

| ക്രമ നമ്പർ | സീനി. ക്രമ നമ്പർ. | പേരും ആഫീസ് വിലാസവും | നിയമനം നൽകുന്ന ആഫീസ് വിലാസം |
|---|---|---|---|
| 1 | 169 | സ്മിത .എം കെ<br>വാട്ടർ സപ്ലൈ സബ് ഡിവിഷൻ,തൃശ്ശൂർ | പി.എച്ച്.സബ് ഡിവിഷൻ, ഒറ്റപ്പാലം ഓഫീസിലെ നിലവിലുള്ള ഒഴിവ് |
| 2 | 172 | ഷീജ ടി എസ് ,<br>വാട്ടർ സപ്ലൈ സബ് ഡിവിഷൻ ,നെയ്യാറ്റിൻകര | ചീഫ് എഞ്ചിനീയർ,(സിവറേജ്)ന്റെ കാര്യാലയം, തിരുവനന്തപുരം.<br>(രജിന.ആർ.എസ്. ന് സ്ഥലം മാറ്റം നൽകുന്ന ഒഴിവ് ) |
| 3 | 173 | സുദർശനൻ വി ഡി ,<br>വാട്ടർ സപ്ലൈ സബ് ഡിവിഷൻ, തൃശ്ശൂർ | സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യലയം ,കൊച്ചിയിലെ നിലവിലുള്ള ഒഴിവ് |
| 4 | 176 | ബിന്ദു നാരായണൻ<br>പ്രൊജക്റ്റ് ഡിവിഷൻ മട്ടന്നൂർ | വാട്ടർ സപ്ലൈ സബ് ഡിവിഷൻ,മട്ടന്നൂർ ഓഫീസിലെ നിലവിലുള്ള ഒഴിവ് |

പ്രസ്തുത സ്ഥാനക്കയറ്റം കെ എസ് & എസ് എസ് ആർ ലെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ചും WP(C) No.17123/2012(M) നം അതിനോടനുബന്ധിച്ചുള്ള മറ്റ് നിയമവ്യവഹാരങ്ങൾക്കും മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ചും തികച്ചും പ്രൊവിഷണൽ ആയിരിക്കും. പ്രൊമൊഷൻ ലഭിച്ച ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിലവിലെ നിയമങ്ങൾക്ക് അനുസരിച്ച് പുനർനിർണ്ണയം നടത്താവുന്നതാണ്.

പ്രസ്തുത ജീവനക്കാരുടെ പ്രൊമോഷൻ നിലവിൽ വരുന്ന വിവരം വീഴ്ചവരുത്താതെ സേവനപുസ്തകങ്ങളിൽ നിയന്ത്രണാധികാരികൾ രേഖപ്പെടുത്തേണ്ടതും താമസംവിനാ പുതിയ ആഫീസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകികൊണ്ട് വിടുതൽ ചെയ്യേണ്ടതും ജീവനക്കാരന്റെ വിടുതൽ ജോലി പ്രവേശം സംബന്ധിച്ച വിവരങ്ങൾ ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

<u>പ്രൊമോഷൻ ലഭിച്ച ജീവനക്കാരൻ ഈ ഉത്തരവ് തീയതി മുതൽ 15 ദിവസങ്ങൾക്കകം പുതിയ ആഫീസിൽ ജോലിക്ക് പ്രവേശിക്കാത്തപക്ഷം പ്രസ്തുത പ്രൊമോഷൻ മറ്റ് അറിയിപ്പുകളൊന്നും കൂടാതെ നിഷേധിക്കുന്നതായി കണക്കാക്കുന്നതാണ്.</u>

**പ്രൊമോഷൻ ലഭിച്ച ജീവനക്കാരനെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി ഈ ഉത്തരവിനൊടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പ്രഖ്യാപനം ജീവനക്കാരന്റെ പക്കൽ നിന്നും നിയന്ത്രണാധികാരികൾ കൈപ്പറ്റേണ്ടതും ആയത് മേലൊപ്പ് പതിപ്പിച്ച് സേവനപുസ്തകത്തിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.**

നിലവിലെ ആഫീസിൽ നിന്നും വിടുതൽ നൽകുന്നതിന് മുന്നോടിയായി ജീവനക്കാരനിൽ നിന്നും "മെമ്മോറണ്ടം ഓഫ് വർക്ക്" തയ്യാറാക്കി ചാർജ് കൈമാറുന്ന ജീവനക്കാരനെയോ നിയന്ത്രണാധികാരി നിർദ്ദേശിക്കുന്ന ആൾക്കോ സെക്ഷനുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും സഹിതം ഏൽപ്പിക്കേണ്ടതും ആയത് നിയന്ത്രണാധികാരി ബോധ്യപ്പെടേണ്ടതുമാണ്. അതിനു ശേഷം മാത്രമേ വിടുതൽ ഉത്തരവ് നൽകെണ്ടതുള്ളൂ. ആയത് സെക്ഷനിലെ തുടർപ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും ആഫീസുകളിലെ സുക്ഷിപ്പുകളുടെ ശാക്തീകരണത്തിനും ഉപകാരപ്രദമാകുന്നതിനായാണ്.

**കേരള വാട്ടർ അതോറിട്ടിയിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന പുനക്രമീകരണ ഉത്തരവുകൾക്കനുസരിച്ചു മേൽപ്പറഞ്ഞ നിയമിച്ചു നൽകുന്ന ആഫീസ് വിലാസത്തിന് മാറ്റങ്ങളുണ്ടാകും.**

(ഒപ്പ്)
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറൽ )

സ്വീകർത്താവ്

Draft #4 of File KWA/JB/E4/755/1996 Vol.III Approved by Deputy Chief Engineer(GL) on 26-Dec-2020 08:12 PM - Page 2

എല്ലാ ജീവനക്കാർക്കും(നിയന്ത്രണ അധികാരികൾ മുഖാന്തിരം)

ഉത്തരവിന്റെ പകർപ്പ്

ചീഫ് എഞ്ചിനീയർ ,
സൂപ്രണ്ടിങ് എഞ്ചിനീയർ,
ഡയറക്ടർ, എസ് ആർ ഐ, നെട്ടൂർ
എക്സി. എഞ്ചിനീയർ, ക്വാളിറ്റി കൺട്രോൾ / ജനറം പി ഐ യു / പ്രോജക്ട് / പി എച്ച് / ഡബ്ള്യൂ എസ് / ഡബ്ള്യൂ ഡബ്ള്യൂ / സിവറേജ് ഡിവിഷൻ, .........................................
അസി. എക്സി. എഞ്ചിനീയർ,ക്വാളിറ്റി കൺട്രോൾ / ജനറം പി ഐ യു / പ്രോജക്ട് / പി എച്ച് / ഡബ്ള്യൂ എസ് / ഡബ്ള്യൂ ഡബ്ള്യൂ / സിവറേജ് സബ് ഡിവിഷൻ, .........................................
എംഡി യുടെ പി എ / സി ഇ (എച്ച് ആർ ഡി & ജന.) ന്റെ സി എ / ഡിസിഇ (ജന.) (വിജി.) /
സീനിയർ എ ഓ / എ ഓ(അഡ്മിൻ & എസ്റ്റ.) / എസ് എസ് / ജെ എസ് / ഫയൽ
ഡി.ബി.എ (പ്രസിദ്ധികരണത്തിനായി) # വെബ്സൈറ്റ്

Draft #4 of File KWA/JB/E4/755/1996 Vol.III Approved by Deputy Chief Engineer(GL) on 26-Dec-2020 08:12 PM - Page 3

The document is digitally approved. Hence signature is not needed.

<u>അപ്പൻഡിക്സ്.1</u>

<u>വാഗ്ദാനം നൽകൽ</u>

നമ്പർ.**കെ ഡബ്ല്യൂ എ**/JB/E4/755/1996 Vol.III ആയുള്ള 26.12.2020 തീയതിയിലെ ഉത്തരവിലൂടെ എനിക്ക് നടപ്പിൽ വരുന്ന ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്.1 ആയുള്ള സ്ഥാനക്കയറ്റം പൂർണ്ണമായും താൽകാലികമാണെന്ന് ഞാൻ,..............................................................(പേര്) മനസിലാക്കുന്നു.

കൂടാതെ, നിലവിലുള്ള കോടതി വ്യവഹാരങ്ങളിന്മേലുണ്ടായേക്കാവുന്നതോ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായേക്കാവുന്നതോ ആയ ഏതെങ്കിലും ഉത്തരവുകൾക്ക് അനുസരിച്ച് തരംതാഴ്ത്തൽ നടത്തുന്നതിനും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക തിരിച്ചടവുകൾക്കും പൂർണ്ണ സമ്മതമാണെന്ന് ഇതിനാൽ സമ്മതിച്ച് വാഗ്ദാനം നൽകുന്നു.

പേരും ഒപ്പും.
തീയതി.

പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന
ആഫീസിലെ നിയന്ത്രണാധികാരിയുടെ ഒപ്പ്.
പേരും സ്ഥാനപ്പേരും വിലാസവും

**കെ ഡബ്ല്യൂ എ**/JB/E4/755/1996 Vol.III Dated,26.12.2020

Draft #4 of File KWA/JB/E4/755/1996 Vol.III Approved by Deputy Chief Engineer(GL) on 26-Dec-2020 08:12 PM - Page 4